

ഡോ. എം. കുര്യാക്കോസ്
പുല്ലുവഴി

# 'ഗുഡ് ഫ്രൈഡേ'യും 'മോണ്ടി തേഴ്സ്ഡേ'യും

കഴിഞ്ഞ വർഷം ദുഃഖവെള്ളിയാഴ്ച ദിവസം നാലു മുതിർന്ന കേന്ദ്രമന്ത്രിമാർ തങ്ങളുടെ അനുയായികൾക്ക് ഗുഡ്ഫ്രൈഡേയുടെ സമ്പൽസമൃദ്ധിയും സർവൈശ്വര്യങ്ങളും വിജയാശംസകളും നേർന്നുകൊണ്ടുള്ള ട്വിറ്റർ സന്ദേശങ്ങൾ അയയ്ക്കുകയുണ്ടായി. തങ്ങൾക്കു പറ്റിയ അബദ്ധം വിശ്വസ്ത സ്നേഹിതന്മാരിൽ നിന്നും മാധ്യമ സുഹൃത്തുക്കളിൽ നിന്നും മനസ്സിലാക്കിയ അവർ താമസിയാതെ തന്നെ അവരുടെ ശുഭാശംസകൾ പിൻവലിച്ചു. സന്ദേശങ്ങൾ വായിച്ചവരിലും വായിയ്ക്കാത്തവരിലും കുറെപ്പേർ അവരെ പരിഹസിയ്ക്കുകയും മറ്റു ചിലർ വിമർശിയ്ക്കുയും ചെയ്തു. പക്ഷേ സത്യത്തിൽ പ്രസ്തുത മന്ത്രിമാർ നമ്മുടെ സഹതാപം അർഹിയ്ക്കുന്നു. ഇന്ത്യയിലും മറ്റനേകം രാഷ്ട്രങ്ങളിലും പൊതുഅവധി ദിനമായ ഈ സു(ഗുഡ്) ദിനം സന്തോഷിയ്ക്കുവാനല്ലാതെ ദുഃഖിയ്ക്കുവാനുള്ളതാണെന്ന് അവർക്കെങ്ങനെ ഊഹിയ്ക്കുവാൻ കഴിയും ? ആഘോഷിയ്ക്കുവാനല്ലാതെ ഇരുന്ന് കരയുവാനും അവധി ദിവസങ്ങളുണ്ടെന്ന് അവർ അറിഞ്ഞത് അല്പം വൈകിയാണെന്ന് മാത്രം. ഗുഡ് ഫ്രൈഡേ ദിവസം ക്രൈസ്തവർ ആത്മതപനം ചെയ്ത് ധ്യാനത്തിനും പ്രാർത്ഥനയ്ക്കും ദേവാലയത്തിലെ വിവിധ ആരാധനാനുഷ്ഠാനങ്ങൾക്കും വേണ്ടി വേർതിരിച്ചിരിയ്ക്കുന്ന വിലാപദിനമാണെന്ന് അറിഞ്ഞുകൂടാത്ത കോടിക്കണക്കിന് ജനങ്ങൾ ഭാരതത്തിൽ ഉണ്ട്. ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിൽ ജോലി ചെയ്തിട്ടുള്ള ക്രിസ്ത്യാനികൾക്ക് അവരുടെ അക്രൈസ്തവ സുഹൃത്തുക്കളിൽ നിന്ന് എല്ലാ വർഷവും ഡസൻകണക്കിന് ഹാപ്പി ഗുഡ് ഫ്രൈഡേ ഗ്രീറ്റിംഗ്സും ബെസ്റ്റ് വിഷസും ലഭിയ്ക്കുക സാധാരണമാണ്. വ്യാഴാഴ്ച ഓഫീസിൽ നിന്നിറങ്ങുവാൻ നേരത്ത് മടങ്ങിവരുമ്പോൾ ഗുഡ് ഫ്രൈഡേ യുടെ സ്വീറ്റ്സ് കൊണ്ടുവരാൻ മറക്കരുതെന്ന് സഹപ്രവർത്തകർ സ്നേഹപൂർവം ഓർമ്മിപ്പിയ്ക്കുകയും ചെയ്യുന്നു. അതു മാത്രമോ - അവിടുത്തെ ചില ദേവാലയങ്ങളിൽ ആ ദിവസം ആരാധനയ്ക്കു വന്നുചേരുന്നവരിൽ ഒരു വലിയ വിഭാഗം പ്രാദേശിക ക്രൈസ്തവർ (പരിവർത്തിതർ) മദ്യപിച്ച് മത്തരായിട്ട് വരുന്നത് കാണുവാൻ സാധിയ്ക്കും. അവർക്ക് അന്ന് തികച്ചും 'ഗുഡ് ഫ്രൈഡേ'യാണ്.

അപ്പോൾ പിന്നെ ഈ ദുഃഖത്തിന്റെ വാസരം എങ്ങനെയാണ് തെറ്റിദ്ധരിപ്പിയ്ക്കുന്ന വിധത്തിൽ ഗുഡ് ആയിത്തീർന്നത് ? ഇതിനു തുടക്കം കുറിച്ചത് ബ്രിട്ടീഷുകാർ ഇന്ത്യ ഭരിച്ചപ്പോൾ മുതലാണെന്ന് പറയാം .ആംഗ്ലിക്കൻ സഭകൾക്ക് ദുഃഖവെള്ളിയാഴ്ച 'ഗുഡ് ഫ്രൈഡേ'യാണ്. അതിനു പ്രധാനമായും രണ്ട് കാരണങ്ങളാണ് പണ്ഡിതന്മാർ ചൂണ്ടിക്കാണിയ്ക്കുന്നത്. ഒന്ന്:- God's Friday ലോപിച്ച് Good Friday ആയിത്തീർന്നുവെന്ന് ഈ വ്യാഖ്യാനം ശരിയായിരിയ്ക്കുവാനുള്ള സാധ്യത വിരളമാണ്. രണ്ട് :- Good എന്ന പദത്തിന് മദ്ധ്യകാലഘട്ടത്തിൽ വിശുദ്ധമായത്, പവിത്രമായത്, pious, holy എന്നെല്ലാം അർത്ഥം കല്പിയ്ക്കപ്പെട്ടിരുന്നു. ഉദാഹരണം: Benedict the Good;(വിശുദ്ധനായ, പുണ്യവാളനായ ബെനഡിക്ട്) The Good Book (വിശുദ്ധ വേദപുസ്തകം); Good Spell എന്ന പദത്തിൽ നിന്നാണ് Gospel എന്ന വാക്ക് ഉത്ഭവിച്ചതെന്ന് പറയാറുണ്ട്.

ആ വിധത്തിൽ വീക്ഷിയ്ക്കുമ്പോൾ പരിശുദ്ധവും പുണ്യപ്പെട്ടതുമായ വെള്ളിയാഴ്ചയെ Good Friday എന്ന് അവർ വിളിച്ചു. ബ്രിട്ടീഷുകാർ ഇന്ത്യ ഭരിച്ചപ്പോൾ ആ ദിവസം ഔദ്യോഗിക അവധിദിനമായിത്തീരുകയും ചെയ്തു. സർക്കാർ കലണ്ടറുകളിൽ Good Friday യും Maundy Thursdayയും സ്ഥാനം പിടിച്ചു. സ്വാതന്ത്ര്യം പ്രാപിച്ചിട്ട് എഴുപതു വർഷം തികഞ്ഞെങ്കിലും വാക്കുകൾക്ക് മാറ്റമില്ല. സുറിയാനി ക്രിസ്ത്യാനികൾ തിങ്ങിപ്പാർക്കുന്ന കേരളക്കരയിലെ ഗവണ്മെന്റ് രേഖകളിലും കലണ്ടറുകളിലും ഇംഗ്ലീഷിൽ ഈ പദങ്ങൾ തുടർന്നുപോരുന്നു എന്നത് ചിന്തിക്കേണ്ട വിഷയമാണ്.

പൗരസ്ത്യസഭകളിൽ പ്രത്യേകിച്ച് സുറിയാനി പാരമ്പര്യത്തിൽ ഈ ദിവസം വലിയ വെള്ളിയാഴ്ചയാണ് (അ്റബ്തോ റാബോ - The Great Friday) അല്ലെങ്കിൽ ക്രൂശാരോഹണത്തിന്റെ വെള്ളിയാണ് (അ്റബ്തോ ദ് സ്ക്കീപ്പുസോ - The Friday of Crucifixion) പീഢാനുഭവ വെള്ളിയാഴ്ച, കഷ്ടാനുഭവ വെള്ളിയാഴ്ച, ദുഃഖവെള്ളിയാഴ്ച, സഹനത്തിന്റെ വെള്ളിയാഴ്ച, വിശുദ്ധ വെള്ളിയാഴ്ച മുതലായ പേരുകളാണ് പൗരസ്ത്യവേദശാസ്ത്രപ്രകാരം ഈ ദിവസത്തെ വിശേഷിപ്പിയ്ക്കുവാനായി പിതാക്കന്മാർ ഉപയോഗിച്ചുകാണുന്നത്. (The Pascal Friday, The Passion Friday, The Mourning Friday, The Friday of Suffering, The Holy Friday) അമേരിക്കൻ ഭൂഖണ്ഡത്തിലെ ചില രാജ്യങ്ങളിൽ ഈ ദിവസത്തെ കറുത്ത വെള്ളിയാഴ്ച (The Black Friday) എന്നു വിളിയ്ക്കുന്നു.

ദുഃഖവെള്ളിയാഴ്ച (The Friday of Mourning) എന്ന പദം മലങ്കരസഭയിൽ കടന്നു കൂടിയിട്ട് ഒരു നൂറ്റാണ്ടിലേറെയായെന്ന് തോന്നുന്നില്ല. അതിനോടടുത്ത് നില്ക്കുന്ന ഒരു പദമാണ് ജർമ്മൻ ഭാഷയിൽ ഉപയോഗിയ്ക്കുന്നത് - Karfreitag. അർത്ഥം The Friday of Grief/Mourning. ചിലപ്പോൾ Stiller Freitag എന്നും പറയാറുണ്ട്. (നിശ്ശബ്ദ/മൗന വെള്ളിയാഴ്ച)

Maundy Thursday എന്ന പദത്തിന്റെ ഉല്പത്തിയും വിഭിന്നമല്ല. മോണ്ടി എന്ന പദം Mandatum അല്ലെങ്കിൽ Mandateഎന്ന ആംഗലേയപദം ലോപിച്ചുണ്ടായതാണെന്ന് ഒരു വിഭാഗം പണ്ഡിതന്മാർ അഭിപ്രായപ്പെടുന്നു. ലത്തീൻ ഭാഷയിൽ മാൻഡേറ്റം എന്ന പദത്തിന് കല്പന എന്നാണർത്ഥം. പാശ്ചാത്യ സഭകളിൽ "നിങ്ങൾ തമ്മിൽ തമ്മിൽ സ്നേഹിയ്ക്കേണം" എന്ന ക്രിസ്തുവിന്റെ പുതിയ കല്പനയാണ് പെസഹാവ്യാഴാഴ്ചയിലെ ആരാധനയുടെ കേന്ദ്രവിഷയം. (യോഹ:13:34; 15:12) "A new commandment I give unto you, that ye love one another as I loved you" എന്ന് ഇംഗ്ലീഷിലും "Mandatum Novum, de vobis ut diligatis invicem sicut dilexi vos" എന്ന് ലത്തീനിലും യോഹ 13:34 വിവർത്തനം ചെയ്യപ്പെട്ടിരിയ്ക്കുന്നു. റോമാസഭയിലെ കാൽകഴുകൽ ശുശ്രൂഷയും വ്യാഴാഴ്ചയിലെ ആരാധനയും മറ്റും ആരംഭിയ്ക്കുന്നത് ഇതേ വാക്യം ഗീതരൂപത്തിൽ ആലപിച്ചുകൊണ്ടാണ് - Mandatum Novum, de vobis... എന്ന കീർത്തനം. അങ്ങനെ ആ ദിവസം Mandatum Thursday ആയും കാലക്രമേണ Mandate വ്യാഴാഴ്ചയായും Maundy വ്യാഴാഴ്ചയായും രൂപാന്തരപ്പെട്ടുവെന്നാണ് ഒരു വലിയ വിഭാഗം പണ്ഡിതന്മാരുടെയും സുചിന്തിതമായ അഭിപ്രായം.

വേറൊരു കൂട്ടം ഗവേഷകർ വിഭിന്നമായ നിഗമനങ്ങളാണ് രേഖപ്പെടുത്തുന്നത്. Maundsor basket, Maundy Purses എന്നീ നാമങ്ങളിൽ നിന്നാണ് മോണ്ടി എന്ന പദം നിഷ്ക്രമിച്ചത് എന്ന് അവർ കരുതുന്നു. എഡ്വേർഡ് ഒന്നാമൻ(1209 - 1307) രാജാവിന്റെ കാലം മുതൽക്കെങ്കിലും ബ്രിട്ടീഷ് സിംഹാസനാധിപന്മാർ പെസഹാ വ്യാഴാഴ്ച ആരാധനയിൽ പങ്കെടുക്കുവാനായി ദേവാലയത്തിൽ എത്തുമ്പോൾ പാവപ്പെട്ടവർക്ക് നാണയങ്ങൾ ദാനം ചെയ്യുന്ന പതിവുണ്ടായിരുന്നു. തെരഞ്ഞെടുക്കപ്പെട്ട കുറെ യാചകർ അവരുടെ ഭിക്ഷാപാത്രം നീട്ടി ഈ പണം സ്വീകരിയ്ക്കുക പതിവായിരുന്നു. നാണയങ്ങൾ ശേഖരിയ്ക്കുന്ന ബാസ്ക്കറ്റിന് മെൻഡിബാഗ് എന്ന് പേരായി. Mendicare അഥവാ Mendier എന്ന വാക്കിന് യാചിയ്ക്കുക എന്നാണർത്ഥം. അങ്ങനെ കാലാന്തരത്തിൽ ആ ദിവസത്തിന് മോണ്ടി വ്യാഴാഴ്ച എന്നുള്ള പേര് പ്രചാരത്തിൽ വന്നു. പിൽക്കാലത്ത് പെസഹാ വ്യാഴാഴ്ച ദിവസം ഈ ആവശ്യത്തിനുവേണ്ടിയും അല്ലാതെയും പുതിയ നാണയങ്ങൾ (Coin) അടിച്ചിറക്കുന്ന പതിവും ഉണ്ടായി മോണ്ടി നാണയങ്ങൾ (Maundy Coins) എന്നാണ് അവ അറിയപ്പെടുന്നത്.

എന്നാൽ പൗരസ്ത്യ സഭകളിലാകട്ടെ കർത്താവിന്റെ രക്ഷാകരമായ കഷ്ടാനുഭവവും തിരുവത്താഴവും കൂദാശകളുടെ രാജ്ഞിയായ വി. കുർബാനയുടെ മഹൽസ്ഥാപനവും യിസ്രയേൽക്കാർ മിസ്രയിമിൽ ആചരിച്ച പെസഹാ പെരുന്നാളിന്റെ ഓർമ്മയുമാണ് അന്നേദിവസത്തിലെ ദൈവശാസ്ത്ര- ആരാധനാ വിഷയങ്ങളുടെ കാതൽ. അതുകൊണ്ട് ഈ സഭകളിൽ വലിയ വ്യാഴാഴ്ച, കഷ്ടാനുഭവ വ്യാഴാഴ്ച, പീഢാനുഭവ വ്യാഴാഴ്ച, പെസഹാവ്യാഴാഴ്ച എന്നെല്ലാമാണ് ഈ ദിവസം അറിയപ്പെടുന്നത് (Great Thursday, Pascal Thursday, Passion Thursday, Passover Thursday) കർത്താവ് പങ്കെടുക്കുകയും ആചരിയ്ക്കുകയും അനുഷ്ഠിയ്ക്കുകയും ചെയ്ത അവസാനത്തെ പെരുന്നാളായിരുന്നു അത്.

അന്ത്യോഖ്യൻ സുറിയാനിസഭയിൽ പെസഹാ വ്യാഴാഴ്ചയെ (ഹംശോ ദ് പെസ്ഹോ) രഹസ്യങ്ങളുടെ വ്യാഴാഴ്ച എന്നും നാമകരണം ചെയ്തിട്ടുണ്ട് (ഹംശോ ദ് പെസ്ഹോ ദ് റോസേ - The Thursday of Mystery) ക്രൂശു മരണത്തിന് ക്രിസ്തു തന്നെത്തന്നെ ഏല്പിച്ചു കൊടുത്ത ആ രാത്രിയിൽ സെഹിയോൻ മാളികയിൽ ശിഷ്യരുമൊത്ത് കഴിച്ച തിരുവത്താഴ വേളയിൽ സ്ഥാപിയ്ക്കപ്പെട്ട ജീവനുള്ള ബലിയ്ക്ക് രഹസ്യം (റോസേ - Mystery) എന്നും പേർ പറയുന്നു. അപ്പവും വീഞ്ഞും പരിശുദ്ധാത്മാവിന്റെ ആവാസത്താൽ സാക്ഷാൽ മിശിഹായുടെ ശരീരവും രക്തവും ആയിത്തീരുന്ന പ്രകൃത്യാതീത പരിവർത്തനം മനുഷ്യഗോചരങ്ങൾക്ക് അദൃശ്യവും സൃഷ്ടികളുടെ ബുദ്ധിശക്തിയ്ക്ക് ദുർഗ്രാഹ്യവുമത്രെ. അതുകൊണ്ട് ആ മർമ്മത്തെ പിതാക്കന്മാർ രഹസ്യം എന്നു വിളിച്ചു. ചില യൂറോപ്യൻ രാജ്യങ്ങളിൽ Communion

Thursday എന്നും ഈ ദിവസം വിശേഷിപ്പിയ്ക്കപ്പെടാറുണ്ട്. അന്തോഖ്യൻ സഭകളിൽ പെസഹാവ്യാഴാഴ്ച ദിവസം വി. മൂറോൻ കൂദാശ ചെയ്ത് തയ്യാറാക്കി എടുക്കുന്ന പാരമ്പര്യവും നിലവിലിരുന്നു.

കോപ്റ്റിക്, ഗ്രീക്കു സഭകളും മറ്റ് ചില മദ്ധ്യ ഏഷ്യൻ സഭകളും ഈ പെരുന്നാൾ ദിവസത്തെ ഉടമ്പടിയുടെ വ്യാഴാഴ്ച (The Convenant Thursday) എന്ന് വിളിയ്ക്കുന്നു. യിസ്രയേൽ ജാതിയ്ക്ക് ദൈവം കല്പിച്ചുറപ്പിച്ച ആദ്യ ഉടമ്പടി (പുറ 19:5, 6) യിൽ വിശ്വസ്തത പുലർത്താതെ യഹോവയിൽ നിന്ന് അകന്നു പോവുകയും അന്യദൈവങ്ങളെ ആരാധിയ്ക്കുകയും ചെയ്തു. എന്നാൽ യിരമ്യാ പ്രവാചകനിൽ കൂടി വീണ്ടും ഒരു പുതിയ നിയമവും പുതിയ ഉടമ്പടിയും യഹോവ പ്രഖ്യാപിച്ചു (യിര 31:31-33) "ഞാൻ അവർക്കു ദൈവവും അവർ എനിയ്ക്ക് ജനമായും ഇരിയ്ക്കും". യേശുവിന്റെ ജനനത്തിനു നൂറ്റാണ്ടുകൾ മുമ്പ് ദൈവം വാഗ്ദത്തം ചെയ്ത ആ ഉടമ്പടിയുടെ നിറവേറ്റൽ കൂടിയാണ് പെസഹാ ആചരണത്തിൽ യേശു പൂർത്തീകരിച്ചത്. സീനായ് പർവതനിരകളിൽ വച്ച് ബലിവസ്തുക്കൾ കൊണ്ട് ഉറപ്പിയ്ക്കപ്പെട്ട ഉടമ്പടി (പുറ 24:4-9) കാൽവറിയുടെ ഗിരിശൃംഗത്തിൽ നാട്ടപ്പെട്ട മരക്കുരിശിൽ ക്രിസ്തു സ്വയം യാഗവസ്തുവായി രക്തം ചിന്തിയപ്പോൾ നിറപടിയായി നിവൃത്തിയായി. യഹൂദസഭ നിഴലായിരിയ്ക്കുന്ന ക്രിസ്തു സഭയ്ക്ക് പെസഹാ ഒരു കടന്നുപോകലിന്റെ വ്യാഴാഴ്ച കൂടിയാണ്. (Thursday of Crossover). പീഢാനുഭവങ്ങളിൽക്കൂടിയും ക്രൂശുമരണത്തിൽക്കൂടിയും കടന്നു പോയ ക്രിസ്തു മൂന്നാം ദിവസം പുനരുത്ഥാനം ചെയ്ത് തന്റെ സഭയെ സ്വർഗ്ഗീയ കനാനിലേയ്ക്ക് പ്രവേശിപ്പിച്ചു. അങ്ങനെ നിത്യമരണമെന്ന പാപത്തെ അറുത്ത് നിത്യജീവനിലേയ്ക്കുള്ള കടന്നു പോക്കിന്റെ പെസഹായാണ് ഈ ദിവസം. തന്റെ പെസഹായാൽ പെസഹായ്ക്ക് ആടറുക്കുന്നതിനെ ക്രിസ്തു എന്നെന്നേയ്ക്കുമായി അസ്ഥിരപ്പെടുത്തുകയും ചെയ്തു

പെരുന്നാളിന്റെ പ്രാദേശിക ആചാരങ്ങളിൽ നിന്നുള്ള സ്വാധീനം മൂലം ഈ വ്യാഴാഴ്ച Sheer Thursday, Green Thursday, Clean Thursday മുതലായ പേരുകളിലും യൂറോപ്യൻ രാജ്യങ്ങളിൽ അറിയപ്പെടുന്നുണ്ട്. നമ്മുടെ നാട്ടിൽ പെസഹായുടെ ദിവസം വീടുകളിൽ ഇൻറി (INRI) അപ്പം ഉണ്ടാക്കി കുടുംബാംഗങ്ങൾ ഒരുമിച്ച് കഴിയ്ക്കുന്ന പതിവുണ്ടല്ലോ. 'ഇണ്ടറി വ്യാഴാഴ്ച' (INRI Thursday) എന്ന് ആ ദിവസം മലങ്കരയിൽ ചില പ്രദേശങ്ങളിൽ അറിയപ്പെടുന്നത് അതുകൊണ്ടാണ്.

യേശുക്രിസ്തുവിന്റെ മനുഷ്യാവതാരകാലത്തെ ഏറ്റവും സംഭവബഹുലവും സംഘർഷഭരിതവുമായ ദിവസമായിരുന്നു പെസഹാവ്യാഴാഴ്ച. പഴയ നിയമവും പുതിയ നിയമവും തമ്മിൽ വേർതിരിയ്ക്കപ്പെട്ട സംഭ്രമജനകമായ രാത്രി. ദൈവശാസ്ത്രപരമായും ആചാരാനുഷ്ഠാനപരമായും, സഭയിലെ ഏറ്റവും മഹത്വപൂർണ്ണമായ പെരുന്നാളാണ് പെസഹാ വ്യാഴാഴ്ച - ഏറെ വൈവിധ്യങ്ങൾ ഉൾക്കൊള്ളുന്ന വലിയ വ്യാഴാഴ്ച

●




വലിയൊരു നോമ്പിൽ ഞായർ ദിനമെല്ലാം
അത്ഭുതനാളിൻ ദിനമല്ലോ
കർത്തൻ ചെയ്തൊരു വീര്യങ്ങൾ
മന്നിതിലെങ്ങും പരന്നല്ലോ.

കാനായിൽ കല്യാണത്തിൽ
വെള്ളം വീഞ്ഞാക്കിയ നാഥാ
നിത്യജീവന്നുറവയുമായ്
എന്റെ ഉള്ളിൽ നിറയണമെ

കുഷ്ഠം മാറ്റിയ നരനെ നീ
സുന്ദരനായെഴുന്നേൽപ്പിച്ചു
പാപത്തിൻ കുഷ്ഠത്തീന്ന്
ഞങ്ങളെ വിടുവിച്ചീടണമെ

മുപ്പത്തെട്ടാണ്ടൊരു കട്ടിൻമേൽ
വേദന പൂണ്ടു കിടന്നവനെ
ശീഘ്രമെണീപ്പിച്ചൊരു നാഥാ
വീഴ്ച്ചയിൽ നിന്ന് കരകേറ്റണമെ

ഭൂതത്തിൻ പിടിയിൽ നിന്നും
സൗഖ്യം നൽകിയമകളപ്പോൾ
ഞങ്ങടെ മക്കളിൽ കനിയണമെ
നിൻകൃപ വർഷിച്ചീടണമെ.

നീണാൾ കൂനിയിരുന്നോൾ തൻ
കൂനു നിവർത്തിയമശിഹായേ
പാപം വിട്ട് നിവർന്നേൽക്കാൻ
ബലമേകണമെ നാഥാ നീ

ശീലോഹാ വെള്ളത്താൽ നീ
കുരുടനു കാഴ്ച കൊടുത്തതുപോൽ
നിൻമഹാത്മ്യം വെളിവാകാൻ
ഞങ്ങളിൽ വന്നു നിറയണമെ

ഊശാനപ്പെരുന്നാൾ ദിനവും
കഷ്ടാനുഭവവും ഉയർത്തെഴുന്നേൽപ്പും
പുതിയൊരു സൃഷ്ടിയായ് മാറീടാൻ
പഴയതിനെ നീ മായ്ക്കണമെ